PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second meeting)

Tuesday, the 7th October, 1969

Vol. XXV] **OFFICIAL REPORT** **[No. 19**

The Assembly met in the Assembly Chamber, Trivandrum, at eight of the clock on Tuesday, the 7th October, 1969, with Mr. Deputy Speaker, in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session)

(i) ORAL ANSWERS

സെറാമിക്സ്, അലൈഡ് വ്യവസായ സ്ഥാപനങ്ങൾ

* 222 [808] ശ്രീ. ടി. എം. മീതിയൻ:
,, സി. ബി. ചന്ദ്രശേഖരവാര്യർ:
,, എസ്. ദാമോദരൻ:
,, ഈ. പി. കൃഷ്ണൻനമ്പ്യാർ:
,, പി. കുഞ്ഞൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, ടി. കെ. കൃഷ്ണൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. വി. ആര്യൻ:
,, വി. എസ്. അച്യുതാനന്ദൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, എം. സദാശിവൻ:
,, ഈ. ബാലാനന്ദൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവണ്മെന്റിന്റെ ചുമതലയിലുള്ള സെറാമിക്സ്, അലൈഡ് എന്നീ വ്യവസായ സ്ഥാപനങ്ങളുടെ മുതൽമുടക്ക് എത്ര;

(ബി) 1968 മാർച്ച് 31 വരെയുള്ള ഈ സ്ഥാപനങ്ങളുടെ നഷ്ടം എത്ര; പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ എത്ര യന്ത്രങ്ങൾ വീതം പ്രവർത്തിക്കാതെ കിടക്കുന്നുവെന്ന വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വ്യവസായശാലകളിൽ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നു എന്നറിയുന്നതു ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1968-നശേഷം സെറാമിക്സിനു് സ്റ്റോറു് ബാങ്കിൽനിന്നു് എത്ര ലക്ഷം രൂപയുടെ ഓവർ ഡ്രാഫ്റ്റു് ലഭിച്ചു;

(ഇ) 1967 മാർച്ചിനശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ ശമ്പളവർദ്ധനവു് അനുവദിച്ചുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) സിറാമിക്സിനു് 32.95 ലക്ഷം രൂപ ഷെയർ. 32.26 ലക്ഷം രൂപ ലോൺ. അലൈഡിനു് 26.32 ലക്ഷം രൂപാ ഷെയർ, 21.32 ലക്ഷം രൂപ ലോൺ.

(ബി) 31-3-1968 വരെ സിറാമിക്സിനു് 22.07 ലക്ഷം രൂപയും, അലൈഡിനു് 2.05 ലക്ഷം രൂപയും നഷ്ടമുണ്ടായിട്ടുണ്ടു്. സിറാമിക്സിലെ എക്സ്റ്റൻഷൻ പ്രോഗ്രാം ഇനിയും പൂർത്തിയാകാത്തതുകൊണ്ടു് ഫിൽറ്ററും എലിവേറ്ററും ഉപയോഗിക്കുന്നില്ല. അലൈഡിലെ യന്ത്രങ്ങൾ പ്രവർത്തിക്കാതെ കിടക്കുന്നില്ല.

(സി) 31-3-1969 വരെ സിറാമിക്സിൽ 11.08 ലക്ഷം രൂപയ്ക്കുള്ള സാധനങ്ങളുടെ സ്റ്റാക്കുണ്ടു്. അതിനുള്ള പ്രധാനമായ കാരണം ആവശ്യമായ ഒട്ടുപടവും മറ്റും കിട്ടാത്തതുകൊണ്ടാണു്. അലൈഡിൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നില്ല.

(ഡി) 5.08 ലക്ഷം രൂപയുടെ ഓവർഡ്രാഫ്റ്റു് ലഭിച്ചിട്ടുണ്ടു്.

(ഇ) ഉണ്ടു്. ഡി.എ.യിൽ സാരമായ വർദ്ധനവു് വരുത്തിയിട്ടുണ്ടു്. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. ടി. എം. മീതിയൻ: ഇത്രയധികം വമ്പിച്ച തുക നഷ്ടം വരുന്ന ഈ സ്ഥാപനം നഷ്ടം കൂടാതെ നടത്താനുള്ള കാര്യത്തെപ്പറ്റി എന്തെങ്കിലും പരിശോധന ഗവണ്മെൻറിന്റെ ഭാഗത്തുനിന്നു് നടത്തിയിട്ടുണ്ടോ? എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: നഷ്ടമില്ലാതെ നടത്തുന്ന കാര്യത്തെപ്പറ്റി ആധികാരികമായി പറയാൻ കഴിവുള്ള ആളുകളുമായി ആലോചിച്ചിട്ടുണ്ടു്. സെക്ഷനുകളിൽ നടപ്പിൽ വരുത്താവുന്ന കാര്യത്തെപ്പറ്റിയുള്ള റിപ്പോർട്ടു് വാങ്ങിയിട്ടുണ്ടു്. അതു് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. എം. മീതിയൻ: കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അതുപോലെ ഉപയോഗിക്കാതെ കിടക്കുന്ന മെഷിനറിയെ ഉപയോഗപ്പെടുത്തുന്നതിൽ ഇത്ര കാലതാമസം വരുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. ടി. വി. തോമസ്: ഇത്രയധികം സാധനങ്ങൾ വില്ക്കാതെ കെട്ടിക്കിടക്കുന്നതിനുള്ള പ്രധാന കാരണം അവിടെ നിർമ്മിക്കുന്ന സാധനങ്ങൾ ആകർഷകമായ രീതിയിൽ ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ടാണു്. ആകർഷകമായ സാധനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ട്രാൻസ്ഫർ പിക്ച്ചറും ഡെക്കറേറ്റീവു് പ്ലാൻറും (transfer picture, decorative plant) വരുത്തുന്നതിനുള്ള ഏർപ്പാടു് ചെയ്തിട്ടുണ്ടു്. അതേപ്പറ്റി കേന്ദ്ര ഗവണ്മെൻറുമായി ചർച്ച ചെയ്തിട്ടുണ്ടു്. അവിടെ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതായ ഫിൽറ്റർ ഉപയോഗിക്കാൻ ശ്രമിക്കുന്നതു് തെറ്റാണെന്നും അതുകൊണ്ടു് ഈ പ്രത്യേക യൂണിറ്റു് മറ്റു വിധത്തിൽ പുനഃസംഘടിപ്പിക്കണമെന്നും ഗവണ്മെൻറു് തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: കണ്ണൂർ ഡിസ്ട്രിക്ടിൽ മങ്ങാട്ടു് സിറാമിക്സു് സെൻറർ അവിടെയുള്ള മാനേജരുടെ സഹായകരമല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

നിലപാടുമൂലം അതിന്റെ ഉൽപ്പാദന കുഴിവു് ഉപയോഗപ്പെടുത്തുന്നില്ല എന്ന മാത്രമല്ല, അവിടെയുള്ള കുഴപ്പത്തിന്റെ ഫലമായി അവിടെ ഉൽപ്പാദനം ശരിയായി നടക്കുന്നില്ല എന്നുള്ള വസ്തുതയെ പരിഗണിച്ചു് അതിന്റെ പ്രവർത്തനം നന്നാക്കിത്തീർക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുമോ? മാനേജരുടെ സഹായകരമല്ലാത്ത നിലപാടിനെ പരിഗണിച്ചു് ആ മാനേജരെ അവിടെനിന്നു് മാറ്റി കുഴിവുള്ള മറ്റൊരു മാനേജരെ അവിടെ നിയമിക്കുന്നതിനു് ആവശ്യമായ നടപടിക്കൂടി സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസു്: അതൊരു കാമൺ ഫെസിലിറ്റീസു് സെൻറായിരുന്നു. അതൊരു പ്രൊഡക്ഷൻ സെൻറായി പുനഃസംഘടിപ്പിക്കണമെന്നു തീരുമാനിക്കുകയും അതിനുവേണ്ടി വിദഗ്ദ്ധമായ ഒരു റിപ്പോർട്ടു് തയ്യാറാക്കുകയും ചെയ്തിട്ടുണ്ടു്. മാനേജരുടെ സഹായകരമല്ലാത്ത നിലപാടിനെപ്പറ്റി പറയുന്ന മാന്യമെമ്പർ മാനേജർക്കു് ഫാക്ടറിക്കകത്തു് കയറിക്കിട്ടാൻ സൗകര്യം ഉണ്ടാക്കിക്കൊടുത്താൽ കൊള്ളാം.

ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ: മാനേജർക്കു് ഫാക്ടറിക്കകത്തു് കയറാൻ വയ്യാത്ത യാതൊരു സാഹചര്യവും അവിടെയില്ല. ആ രീതിയിലുള്ള ഒരു നിലപാടു് തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആ ആരോപണം ഞാൻ നിഷേധിക്കുകയാണു്. അവിടത്തെ കുഴപ്പം പരിഹരിക്കുന്നതിനു് ആ മാനേജരെ മാറ്റി വേറൊരു മാനേജരെ നിയമിക്കുകയാണു് വേണ്ടതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: കുറേ മുൻപു്, ഈ സ്ഥാപനം നല്ല രീതിയിൽ നടത്തുന്നതിനുള്ള ചില നിർദ്ദേശങ്ങളും ഹംഗേറിയൻ പഠനസംഘം നൽകിയിരുന്നതായി കേൾക്കുന്നു. അതു് നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസു്: ആ വിവരം ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ തന്ന ആ വിവരത്തിനു് വലിയ ഉപകാരം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അവിടത്തെ ശമ്പളവർദ്ധനവിന്റെ ഫലമായി എത്ര സംഖ്യ കൂടുതൽ ചെലവു് ചെയ്യേണ്ടിവന്നു എന്നു പറയാമോ?

ശ്രീ. ടി. വി. തോമസു്: ഡി.എ. വർദ്ധിപ്പിച്ചതുമൂലം ആണ്ടിൽ മൂന്നര ലക്ഷം രൂപയുടെ അധികച്ചെലവു് വന്നിട്ടുണ്ടു്.

ശ്രീ. എ. വി. ആര്യൻ: ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കു് നഷ്ടം വരുന്നതു് വൻകിട ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൂടുതൽ കൊടുക്കുന്നതുകൊണ്ടാണെന്നും, അതേ സമയം താണ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കു് ന്യായമായ ശമ്പളം കൊടുക്കാതിരിക്കുകയാണെന്നും കേൾക്കുന്നതു് ശരിയാണോ?

ശ്രീ. ടി. വി. തോമസു്: അതു് ശരിയാണെന്നു തോന്നുന്നില്ല. എങ്കിലും വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാർക്കു് ന്യായമായ ശമ്പളം കൊടുക്കണം. അല്ലെങ്കിൽ ഈ മാതിരിയുള്ള സ്ഥാപനങ്ങൾ ഇപ്പോഴത്തെ നിലയിൽത്തന്നെ തുടർന്നുപോകും.

ശ്രീ. എ. വി. ആര്യൻ: വിദഗ്ദ്ധന്മാർക്കു് ഇത്തരം വ്യവസായശാലകളിൽ കൂടുതൽ ശമ്പളം കൊടുക്കുന്നതുകൊണ്ടാണു് നഷ്ടം വരുന്നതെന്നുള്ളതിനെ പരിഗണിച്ചു് ഇത്തരം വിദഗ്ദ്ധന്മാരിൽനിന്നു് വ്യവസായശാലകളെ രക്ഷിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസു്: വിദഗ്ദ്ധന്മാരിൽനിന്നു രക്ഷിക്കണമെന്നുള്ള പ്രാർത്ഥന പരിഹാസമാണെന്നു മാത്രമേ പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നു എന്നു പറഞ്ഞു. ഈ ഉൽപ്പന്നങ്ങൾ വിറഴിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. വി. തോമസ്: അവിടെയുണ്ടാക്കുന്ന സാധനങ്ങൾ പ്പെയിൻ ക്രോക്കറിയായതുകൊണ്ട് സാധാരണ നിലയിൽ കിട്ടുന്ന വിലയുടെ നാലിലൊരു അംശംപോലും കിട്ടുകയില്ല. അതുകൊണ്ട് അതു ഡെക്രോറു ചെയ്യാനുള്ള പടം വരുത്തുന്നതിനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ട്. അതു വന്നുകഴിഞ്ഞാൽ ഈ സാധനങ്ങൾ വില്ക്കുന്നതിനുള്ള കാര്യമായ ശ്രമം നടത്താൻ കഴിയും.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഗവണ്മെൻറിനു ഭൂരിപക്ഷം ഷെയറുള്ള കണ്ണറ സിറാമിക്സിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ഗവണ്മെൻറു വക മറ്റു പല സ്ഥാപനങ്ങളിലും സമർത്ഥമായി ഉപയോഗിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽകൂടി ഇപ്പോൾ അങ്ങനെയല്ല ചെയ്യുന്നതു് എന്നുള്ള വസ്തുതയെ പരിഗണിച്ചു് ഗവണ്മെൻറു സ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങൾ കണ്ണറ സിറാമിക്സിൽനിന്നു് വാങ്ങി ഉപയോഗിക്കണമെന്നുള്ളതിനു് ഗവണ്മെൻറു് വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. വി. തോമസ്: ഗവണ്മെൻറിനാവശ്യമായ ക്രോക്കറി സാധനങ്ങൾ സിറാമിക്സിൽനിന്നാണു് വാങ്ങുന്നതു്. അങ്ങനെ വാങ്ങുന്നില്ലെങ്കിൽ ആ കാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: വ്യവസായവകുപ്പു മന്ത്രിയുടെ അനാസ്ഥമൂലം ഇവിടത്തെ വ്യവസായശാലകളിൽ വളരെയേറെ തൊഴിൽ കുഴപ്പങ്ങളും പണിമുടക്കുകളും ഉണ്ടാകുന്നു എന്നു വളരെ ഉത്തരവാദിത്വത്തോടുകൂടി തൊഴിൽ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചതു് ബഹുമാനപ്പെട്ട വ്യവസായമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡപ്യൂട്ടി സ്പീക്കർ: അതു് ഇതിൽനിന്നു ഉദിക്കുന്ന ചോദ്യമല്ല. അതിനു് മറുപടി വ്യവസായമന്ത്രി പറഞ്ഞുകൊള്ളും.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: കണ്ണറ സിറാമിക്സ് ഇന്നു് ആദായകരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് അവിടെയുള്ള ഓയിൽ കിലിൻ മാറ്റി എലക്ട്രിക്ക് കിലിൻ സ്ഥാപിക്കണമെന്നു് ഹങ്കേറിയൻ പഠനസംഘം റിപ്പോർട്ടു ചെയ്തിട്ടുള്ളതായി കേൾക്കുന്നു. അതിന്റെ സ്ഥിതി എന്താണു്?

ശ്രീ. ടി. വി. തോമസ്: എലക്ട്രിക്കു് കിലിൻ സ്ഥാപിക്കുന്നതിനുള്ള റിപ്പോർട്ടു് എന്നു പറഞ്ഞാൽ ഇപ്പോൾ അവിടെ വർക്കു് ചെയ്യുന്നതു് ഇലക്ട്രിക്ക് കിലിൻ ആണു്. അതു് മാറ്റി ഓയിൽ കിലിൻ വേണമെന്നാണു് നിർദ്ദേശം ലഭിച്ചിട്ടുള്ളതു്. അതു് ഹങ്കേറിയൻ സംഘത്തിന്റെ റിപ്പോർട്ടല്ല. മറെറാരു രാജ്യക്കാരുടെ നിർദ്ദേശമാണു്.

ശ്രീ. പി. രവീന്ദ്രൻ: ഈ ഓയിൽ പ്ലാൻറു് എത്ര കൊല്ലത്തിനുള്ളിൽ സ്ഥാപിതമാകുമെന്നു പറയാമോ?

ശ്രീ. ടി. വി. തോമസ്: അതിന്റെ റായൽറ്റിയുടെ കാര്യത്തിൽ കേന്ദ്ര ഗവണ്മെൻറിന്റെ തീരുമാനമുണ്ടായാൽ ആവശ്യമായ യന്ത്രസാമഗ്രികളും വരുത്തുകയും ആറുമാസത്തിനുള്ളിൽ പ്രവർത്തനം തുടങ്ങുകയും ചെയ്യാൻ സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. എം. കൃഷ്ണൻ: ചാലക്കുടി സിറാമിക്സ് ഇതിനുമുമ്പു് ലീസിനു കൊടുത്ത ആളിൽനിന്നു തിരിച്ചുവാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: കേസ് നടന്നുകൊണ്ടിരിക്കുകയാണ്. ഇതൊരു ജോയിന്റ് സ്റ്റോക്ക് കമ്പനിയായി രജിസ്റ്റർ ചെയ്യുകഴിഞ്ഞു. ഡയറക്ടർ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. പ്രാഥമിക പ്രവർത്തനം തുടങ്ങിയിരിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: കണ്ണൂർ ജില്ലയിലെ മാങ്ങാട്ട് സ്ഥാപിച്ചിട്ടുള്ള സിറാമിക്സ് സെൻററിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ മാർക്കറ്റിൽ ചെലവഴിക്കാൻ പറ്റാത്തതായതുകൊണ്ട് അവിടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും തുടർന്ന് തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതു് കണക്കിലെടുത്തുകൊണ്ട് മാർക്കറ്റിൽ ചെലവാകുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ അവിടെ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇതൊരു പ്രൊഡക്ഷൻ സെൻറർ ആക്കി രൂപാന്തരപ്പെടുത്തണമെന്ന നിർദ്ദേശത്തിൻറെ വെളിച്ചത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിനെപ്പറ്റിയുള്ള ചർച്ച നടന്നുകഴിഞ്ഞിട്ടില്ല. കുറെ കാലതാമസം വന്നിട്ടുണ്ട്. അടുത്തുതന്നെ അവസാന തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ബി. മാധവൻ നായർ: നമ്മുടെ സംസ്ഥാനത്തിലെ സ്വകാര്യ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ക്രോക്കറി സാധനങ്ങൾ വിറ്റഴിക്കുന്നതിനു് കേരളത്തിനു പുറത്തുള്ള പല സാധനങ്ങൾക്കും വലിയ തോതിലുള്ള കമ്മീഷൻ കൊടുക്കുകയും നമ്മുടെ സംസ്ഥാനത്തുള്ള ജില്ലാ തലസ്ഥാനങ്ങളിലുള്ള സൂപ്പർ മാർക്കറ്റുകളിൽ പ്രത്യേകം ഷോറൂമുകൾ തുറക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട്. ഈ സ്ഥിതിയെല്ലാം പരിഗണിച്ച് നമ്മുടെ നാട്ടിലെ സിറാമിക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ തലസ്ഥാനങ്ങളിലുമുള്ള സൂപ്പർ മാർക്കറ്റുകളിൽ പ്രത്യേക ഷോറൂം ഏർപ്പെടുത്തുന്നതിനും അതിനാവശ്യമായ നിർദ്ദേശങ്ങൾ ഗവണ്മെൻറിൽ നിന്നും കൊടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: സ്വകാര്യ കമ്പനിക്കാർ നമ്മുടെ കമ്പനിക്കാരുമായി മത്സരിക്കുന്നതിനുവേണ്ടി വമ്പിച്ച കമ്മീഷൻ കൊടുക്കുന്നുണ്ടെന്ന വിവരം ഗവണ്മെൻറിനറിയാം. അതിനെ അതേ നാണയത്തിൽ നേരിടുന്നതിനു് ബുദ്ധിമുട്ടുണ്ട്. അവർ അനുവദിക്കുന്ന കമ്മീഷൻ ഗവണ്മെൻറ് സ്ഥാപനങ്ങളിൽനിന്നു് അനുവദിച്ചാൽ അതു് അഴിമതിയായിത്തീരുകയില്ലേ എന്ന കരുതിക്കൊണ്ട് ന്യായമായ കമ്മീഷൻമാത്രമാണ് കൊടുക്കുന്നതു്. സൂപ്പർ മാർക്കറ്റുകളിൽ വില്പനക്കുള്ള സൗകര്യം ഉണ്ടാക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കോ–ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറുമായി ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: കുണ്ടറ സിറാമിക്സ് ലാഭകരമായി നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം സാങ്കേതികമായ വൈഭദ്ധ്യം നേടുന്നതിനു് എത്ര സംഘങ്ങൾ ഇതിനകം ശ്രമിച്ചിട്ടുണ്ട്; വിദേശങ്ങളിലെ ഏതെല്ലാം വിദഗ്ധന്മാരുടെ സംഘങ്ങൾ ഇതു സംബന്ധിച്ച് ശുപാർശകൾ നടത്തിയിട്ടുണ്ട്. ഗവണ്മെൻറ് ഏറ്റവും ഒടുവിൽ അംഗീകരിച്ചിട്ടുള്ള ശുപാർശകൾ ഏതെല്ലാം; ഈ ശുപാർശകൾ നടപ്പാക്കിയതിൻറെ ഫലമായി ഈ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി നടത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്: മൈനിംഗ് വിഭാഗത്തെ സംബന്ധിച്ച് യുഗോസ്ലോവാക്യൻ റിപ്പോർട്ടും ജാപ്പനീസ് റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. അതിൽ ജാപ്പനീസ് റിപ്പോർട്ടിലെ നിർദ്ദേശം അംഗീകരിച്ചിരിക്കുന്നു. അതു നടപ്പിലായിക്കഴിഞ്ഞാൽ മൈനിംഗ് വിഭാഗത്തിൽ ലാഭം ഉണ്ടാകും. ക്രോക്കറി വിഭാഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ചെക്കോസ്ലോവാക്യൻ റിപ്പോർട്ട് വന്നിട്ടുണ്ട്. അതു തീരെ സഹായകരമല്ല. 96 ലക്ഷം രൂപ മുടക്കുകയാണെങ്കിൽ നാലുലക്ഷം രൂപ നഷ്ടത്തിൽ നിറുത്തിത്തരാമെന്നാണ് അവരുടെ റിപ്പോർട്ട്. ഇതിൽ ജാപ്പനീസ് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കുറെ ദിവസത്തിനകം അതു കിട്ടുന്നതാണ്.

ശ്രീ. പി. പി. വിൻസൻ: ഗവണ്മെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പോരായ്മകളെപ്പറ്റി പഠിക്കുന്നതിനു് ഏകാംഗകമ്മീഷനായി നിയമിച്ചിട്ടുള്ള ശ്രീ. കൃഷ്ണപിള്ളയുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിൻെറ കോപ്പി ഈ സഭയിൽ വിതരണം ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: ഗവണ്മെൻറു സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കാനല്ല ശ്രീ. കൃഷ്ണപിള്ളയെ നിയമിച്ചതു്. ഗവണ്മെൻറു സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ, വേജ് ഇതുപോലുള്ള കാര്യങ്ങളും കഴിയുന്നതും ഏകീകരിക്കുന്നതിനുവേണ്ടിയിട്ടാണ് അദ്ദേഹത്തെ നിയമിച്ചതു്. അദ്ദേഹം ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മിക്ക സ്ഥാപനങ്ങളിലും ഇതു് ഏറെക്കുറെ നടപ്പിലാക്കിയിട്ടുണ്ട്. അതിൻെറ കോപ്പി ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് തരാൻ തയ്യാറാണ്.

ശ്രീ. കെ. കരുണാകരൻ: കുണ്ടറ സിറാമിക് പോലുള്ള ഫാക്ടറികളിലുള്ള പരിമിതികളെല്ലാം വച്ചുകൊണ്ട് ഉൽപ്പാദനകാര്യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ മാർക്കറ്റബിളായിട്ടുള്ള മെറ്റീരിയൽസിൻെറ കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വിശേഷിച്ച് റ്റീ സെറ്റ്, ഡിന്നർ സെറ്റ് തുടങ്ങിയവ വളരെ മേന്മയേറിയതാണെന്ന പബ്ലിസൈസ് ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: അതിൻെറ പോരായ്മകൾ തിരുത്തുന്നതിനുവേണ്ടി മാനേജ്മെൻറ് സൈഡ് റീ ഓർഗനൈസു ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നു് കമേർഷ്യൽ മാനേജർ എന്ന ഒരു ആളില്ല. പർച്ചേസ് മാനേജരില്ല. വർക്സ് മാനേജരില്ല. എല്ലാ ജോലിക്കുംകൂടി ഒരു മാനേജിംഗ് ഡയറക്ടർ മാത്രമുണ്ട്. മുഴുവൻ സമയവുമുള്ള ഒരു അക്കൗണ്ടൻറുപോലുമില്ല. അതുകൊണ്ട് മാനേജ്മെൻറ് സൈഡ് റീ ഓർഗനൈസു ചെയ്ത് വൈദഗ്ധ്യമുള്ളവരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതു്. അവർക്കു് ചിലപ്പോൾ ശമ്പളം കൂടുതൽ കൊടുക്കേണ്ടിവരും. പൈസ ലാഭിക്കാൻ ശ്രമിച്ചാൽ ചിലപ്പോൾ പവൻ നഷ്ടപ്പെടും. അങ്ങനെ ഒരു തീരുമാനമല്ല ഗവണ്മെൻറ് എടുത്തിരിക്കുന്നതു്. മാനേജ്മെൻറുസൈഡ് റീ ഓർഗനൈസു ചെയ്യുന്നതിൻെറ ഫലമായിട്ട് കൂടുതൽ ശമ്പളവും ചെലവും വഹിക്കേണ്ടിവന്നാലും അങ്ങനെ ചെയ്യണമെന്നാണ് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ചാലക്കുടി പോട്ടറീസിൻെറ പ്രവർത്തനം എത്രവരെയായി?

ശ്രീ. ടി. വി. തോമസ്: ഇതേപ്പറ്റി നേരത്തെ പറഞ്ഞുകഴിഞ്ഞു. പുതിയ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡയറക്ടർ ബോർഡിനെ നോമിനേറ്റ് ചെയ്തിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്.

ശ്രീ. പി. പി. കൃഷ്ണൻ: കേരളത്തിലെ സിറാമിക് ഫാക്ടറിയിൽ ഡക്കറേറ്റീവ് വർക്കു് നടത്തുന്നതിനു് മറ്റേതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഇല്ല. കേരള സിറാമിക്സിൽ ഉള്ളവർതന്നെ ചെയ്യുകയാണ്.

ശ്രീ. എ. വി. ആര്യൻ: പൊതുമേഖലാ സ്ഥാപനങ്ങളെല്ലാംതന്നെ നഷ്ടത്തിലാണെന്ന വരുത്തിക്കൊണ്ട് പ്രൈവറ്റ് മേഖലയിലേക്ക് ഇതെല്ലാം കൈമാറാം ചെയ്യുന്നതിന് അഖിലേൻഡ്യാടിസ്ഥാനത്തിൽത്തന്നെ ഗൂഢാലോചന നടക്കുന്നു എന്ന മനസ്സിലാക്കിക്കൊണ്ട്, ഇങ്ങനെ പ്രൈവറ്റ് മേഖലയിലേക്ക കൊണ്ടുപോകുന്ന ആളുകളെ അതിൽനിന്ന മാറ്റിയിട്ട് പൊതുമേഖലാ സ്ഥാപനങ്ങളം ലാഭകരമായി നടത്താൻ സാധിക്കുമെന്ന വിശ്വസിക്കുന്ന ആളുകളെ മാനേജ്മെൻറിൽ നിയമിക്കാൻ തയ്യാറാകുമോ?

Deputy Speaker: It is a Question of Policy.

ശ്രീ. എൻ. കെ. ശേഷൻ: മറെറല്ലാ സ്ഥാപനങ്ങളംക്കും ഉള്ളതുപോലെ ആകർഷകമായ സാധനങ്ങളം കിട്ടുമെന്നൊരപ്പ വരുത്താൻ ഒരു കാമ്പയിൻ കൺട്രോളം ഏർപ്പെടുത്താനുള്ള ആലോചനയുണ്ടോ; ഇപ്പോളംതന്നെ വല്ല മാറ്റവും ഉണ്ടോ; അതിൻെറ സ്വഭാവമെന്താണ്?

ശ്രീ. ടി. വി. തോമസ്: ഒരു കമേർഷ്യൽ മാനേജർ ഇല്ല, അതുപോലെ ഇൻവെൻററി കൺട്രോളം, കാമ്പയിൻ കൺട്രോളം ഇതൊന്നം സിറാമിക്സിൽ ഇല്ല. പ്രാഥമികാവശ്യത്തിനുവേണ്ട സ്റ്റാഫ് പോലും അവിടെയില്ല. ഇതൊക്കെ ഏർപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻവെൻററി കൺട്രോളംപോലുമില്ലാത്ത ഒരു സ്ഥാപനം ലാഭകരമായി നടക്കുമെന്ന് ആർക്കെങ്കിലും പ്രതീക്ഷിക്കാൻ ഒക്കുമോ? അതുപോലും ഇല്ലാതിരിക്കുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ഗവണ്മെൻറുടമയിലുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളം കൂടുതൽ ആദായകരമായി വില്പനയ്ക്കുവേണ്ടിയുള്ള പരിശ്രമത്തിൽ ചിലപ്പോഴെല്ലാം അത് അഴിമതിയാണെന്നുള്ള വിധത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സംശയം പ്രകടിപ്പിക്കുകയുണ്ടായി. എങ്കിൽതന്നെയും ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഏതു തരത്തിൽ ആദായകരമാക്കിത്തീർക്കാമെന്നുള്ളതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട ചെയ്യുന്നതിന് ഒരു പഠനസംഘത്തെ നിയമിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. ടി. വി. തോമസ്: പ്രൊഡക്ഷൻസൈഡിനെപ്പററി മുമ്പ് അംഗീകരിച്ചിട്ടുള്ള വിദഗ്ധമായ റിപ്പോർട്ടുണ്ട്. അത് പഠിച്ചുകൊണ്ടിരിക്കുകയാണ്. ചില സ്ഥലത്തു നടപ്പിലായിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഷെയർ കാൺടിബ്യൂഷൻ ഉണ്ടെന്നു പറഞ്ഞു. ഇതുകൂടാതെ കുറെ ലക്ഷം രൂപ കടമായി എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇത് വർക്കിംഗ് ക്യാപ്പിറലിനു വേണ്ടിയാണോ അതോ ക്യാപ്പിറൽ ഇൻവെസ്റ്റുമെൻറിനുവേണ്ടിയാണോ?

ശ്രീ. ടി. വി. തോമസ്: വർക്കിംഗ് ക്യാപ്പിറലിനുവേണ്ടിയാണ് ലോണെടുത്തിരിക്കുന്നത്.

ഇൻഡസ്ട്രീസ് കോ-ഓപ്പറേററീവ് സൊസൈറികൾ

* 223 [809] ശ്രീ. എ. വി. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly